പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2006 17-03-2015 ന് മറുപടിയ്ക്ക്

## ആദിവാസികൾക്കായി വനം വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്കായി വനം വകുപ്പ് എത്ര പദ്ധതികൾ നടപ്പാക്കാൻ തീരുമാനിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (എ) | 4 പദ്ധതികൾ.<br>**1.** ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതി<br>**2.** ഇടമലക്കുടിയിലെ പെട്ടിമുടി മുതൽ ഇഡ്ഡലിപ്പാറക്കുടി വരെയുള്ള റോഡ് നവീകരണ പദ്ധതി<br>**3.** തിരുവനന്തപുരം വനം ഡിവിഷന് കീഴിലെ വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ സോളാർ പവർ ഫെൻസിംഗിനായുള്ള പദ്ധതി.<br>**4.** പറമ്പിക്കുളം സുങ്കം പ്രീമെട്രിക് ഹോസ്റ്റലിനോട് ചേർന്നുള്ള അടുക്കളയുടെയും ഡൈനിംഗ് ഹാളിന്റെയും നവീകരണ പ്രവർത്തനത്തിനായുള്ള പദ്ധതി |
| (ബി) | ഓരോ പദ്ധതിക്കായി എത്ര രൂപ നീക്കിവച്ചുവെന്നും ഓരോന്നിനും എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ഈ പദ്ധതികളുടെ വിവരങ്ങൾ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ; | (ബി) | **1.** ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 10.35 കോടി രൂപയ്ക്കാണ് പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ അനുവദിച്ച് നൽകിയ 4.33 കോടി രൂപയിൽ 31-01-2015 വരെ 1,95,62,515/- രൂപ ചെലവഴിച്ചിട്ടുണ്ട്.<br>**2.** പെട്ടിമുടി മുതൽ ഇഡ്ഡലിപ്പാറക്കുടി വരെയുള്ള റോഡിന്റെ നവീകരണത്തിനായ 3.37 കോടി രൂപയ്ക്കാണ് പട്ടികവർഗ്ഗ വികസന വകുപ്പ് അനുമതി നൽകിയിട്ടുള്ളത്. ഇതിൽ അനുവദിച്ച് നൽകിയ 1.87 കോടി രൂപയിൽ 31-01-2015 വരെ 31.00 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

3. തിരുവനന്തപുരം വനം ഡിവിഷനു കീഴിലെ വിവിധ ആദിവാസി സെറ്റിൽമെന്റുകളിൽ സോളാർ പവർ ഫെൻസിംഗ് നടത്തുന്നതിനായുള്ള 32.30 ലക്ഷം രൂപയിൽ 14.47 ലക്ഷം രൂപ 31-01-2015 വരെ ചെലവഴിച്ചിട്ടുണ്ട്.

4. പറമ്പിക്കുളം സ്വന്തം പ്രീമെട്രിക് ഹോസ്റ്റലിനോടു ചേർന്നുള്ള അടുക്കളയുടേയും ഡൈനിംഗ് ഹാളിന്റേയും നവീകരണ പ്രവർത്തനത്തിനായി അനുവദിച്ച 20 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. വന വികാസ ഏജൻസി, വന സംരക്ഷണ സമിതികൾ, വകുപ്പുതല ഉദ്യോഗസ്ഥന്മാർ എന്നിവർ പദ്ധതി നടത്തിപ്പ് യഥാസമയം വിലയിരുത്തുന്നുണ്ട്. വിശദമായ വിലയിരുത്തൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നടത്തുന്നതാണ്.

(സി) ഇടമലക്കുടി ആദിവാസികൾക്ക് ഏലം കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നടത്തിയ വകുപ്പുതല അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(സി) ഏലം കൃഷിയിലെ അഴിമതി ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണം നടന്നു വരുന്നു. കുറ്റാരോപിതരായ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. ജോഷി സെബാസ്റ്റ്യൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസറായ ശ്രീ. വി.സി. കാർത്തികേയൻ, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീ. വി. അനിൽഘോഷ്, ശ്രീ. എസ്. ഹരികുമാരൻ നായർ, ശ്രീ. ആർ. റോയ് എന്നിവരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

Ajith

**സെക്ഷൻ ഓഫീസർ**